മെഡിക്കൽ കോളേജുകളിലെ വിദഗ്ദ്ധ ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തത

*18 [291] ശ്രീ. എം. വി. ജയരാജൻ:
„ എ. സി. മൊയ്തീൻ:
„ ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മെഡിക്കൽ കോളേജ് ആശുപത്രികളിൽ വിദഗ്ദ്ധ ചികിത്സാ സൗകര്യങ്ങളുടെ അപര്യാപ്തതമൂലം ചികിത്സ നിഷേധിക്കപ്പെടുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനത്തെ എല്ലാ മെഡിക്കൽ കോളേജ് ആശുപത്രികളിലും വിദഗ്ദ്ധ ചികിത്സ നൽകുന്നതിനാവശ്യമായ സംവിധാനങ്ങൾ ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) മെഡിക്കൽ കോളേജ് ആശുപത്രികളിൽ വി.വി.ഐ.പി.-കൾക്കു പോലും വിദഗ്ദ്ധ ചികിത്സ ലഭിക്കുന്നില്ലെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) അന്തരിച്ച മുൻ കേരള ഗവർണ്ണർക്ക് ലഭിച്ച ചികിത്സ പിഴച്ചുവെന്ന ആരോപണത്തെക്കുറിച്ച് അന്വേഷണം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്താമോ?

ആരോഗ്യ വകുപ്പുമന്ത്രി (ശ്രീ. കടവൂർ ശിവദാസൻ):

(എ ആന്റ് ബി) സംസ്ഥാനത്തെ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള മെഡിക്കൽ കോളേജുകളിൽ വിദഗ്ദ്ധ ചികിത്സ നിഷേധിക്കപ്പെടുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഈ മെഡിക്കൽ കോളേജുകളിൽ വിദഗ്ദ്ധ ചികിത്സ നൽകുന്നതിനുള്ള സംവിധാനം ഇപ്പോൾ നിലവിലുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) അന്തരിച്ച മുൻ കേരളാ ഗവർണ്ണർ ഹിസ് എക്സലൻസി സിക്കന്തർ ഭക്തിന് ലഭിച്ച ചികിത്സ പിഴച്ചുവെന്ന ആരോപണത്തെക്കുറിച്ച് അന്വേഷണം നടത്തുന്നതിനായി 18-3-2004-ലെ സർക്കാർ ഉത്തരവ് (സാ.) നം. 816/2004/ആകുവ. പ്രകാരം ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസസ് ആന്റ് ടെക്നോളജി ഡയറക്ടർ ഡോ. കെ. മോഹൻദാസിനെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ചിട്ടുണ്ട്. അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കിയിട്ടില്ല. (സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.†)

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly